2010, ഖുത്ബ്ബ നമ്പര്‍-

بسم الله الرحمن الرحيم

15.10.2010
ബൈതുല്‍ ഫുതൂഹ്
ലണ്ടന്‍

# ഇസ്‌ലാമിക പ്രചരണപ്രവര്‍ത്തനങ്ങള്‍ക്കായി അത്യാധുനിക സംവിധാനങ്ങള്‍ ഉപയോഗിക്കുക.

وَالْمُرْسَلٰتِ عُرْفًا ﴿٢﴾ فَالْعٰصِفٰتِ عَصْفًا ﴿٣﴾ وَّالنّٰشِرٰتِ نَشْرًا ﴿٤﴾
فَالْفٰرِقٰتِ فَرْقًا ﴿٥﴾ فَالْمُلْقِيٰتِ ذِكْرًا ﴿٦﴾ عُذْرًا اَوْ نُذْرًا ﴿٧﴾
اِنَّمَا تُوْعَدُوْنَ لَوَاقِعٌ ﴿٨﴾ فَاِذَا النُّجُوْمُ طُمِسَتْ ﴿٩﴾ وَاِذَا السَّمَآءُ
فُرِجَتْ ﴿١٠﴾ وَاِذَا الْجِبَالُ نُسِفَتْ ﴿١١﴾ وَاِذَا الرُّسُلُ اُقِّتَتْ ﴿١٢﴾

ഓതിക്കേള്‍പ്പിക്കപ്പെട്ട ആയത്തുകളുടെ അര്‍ത്ഥം ഇപ്രകാരമാണ്.

അതായത്, സല്‍ക്കാര്യങ്ങളുമായി അയക്കപ്പെടുന്നവരും, അതിശീഘ്രം ചലിക്കുന്നവരും, അങ്ങനെ നല്ലവണ്ണം സത്യസന്ദേശം പ്രചരിപ്പിക്കുന്നവരും,തദ്വാര (സത്യാസത്യങ്ങളെ) നല്ലവണ്ണം വ്യതിരിക്തമാക്കുന്നവരും, ന്യായപൂര്‍ത്തീകരണത്തിനോ മുന്നറിയിപ്പ് നല്‍കുന്നതിനോ വേണ്ടി സര്‍വ്വത്ര ഉപദേശമെത്തിക്കുന്നവരുമായ (തിരുസഖാക്കളെ)കൊണ്ട് സത്യം. നിങ്ങള്‍ക്ക് മുന്നറിയിപ്പ് നല്‍കപ്പെടുന്ന കാര്യം സംഭവിക്കുക തന്നെ ചെയ്യും. എന്നാല്‍ നക്ഷത്രങ്ങള്‍ പ്രകാശരഹിതമാക്കപ്പെടുമ്പോള്‍, ആകാശം കീറപ്പെടുകയും ചെയ്യുമ്പോള്‍, പര്‍വ്വതങ്ങള്‍ തകര്‍ത്ത് ധൂളിയാക്കപ്പെടുകയും ചെയ്യുമ്പോള്‍,എല്ലാ ദൈവദൂതന്മാരും തങ്ങളുടെ നിശ്ചിത സമയത്ത് കൊണ്ട് വരപ്പെടുകയും ചെയ്യുമ്പോള്‍ (ആ മുന്നറിയിപ്പ് നല്‍കപ്പെട്ട കാര്യം സംഭവിക്കുന്നതാണ്.) **(77:2-12)**

നബിതിരുമേനി ﷺയുടെ അനുഗ്രഹീത കാലഘട്ടത്തിലും തിരുസ്വഹാബത്ത് മുഖേനയും ഇസ്‌ലാമിക പ്രചരണ പ്രവര്‍ത്തനങ്ങള്‍ ഏറ്റവും ഉന്നതമായ നിലയിലെത്തുകയും അത് ഖുര്‍ആനിക പ്രവചനങ്ങളുടെ വ്യക്തമായ സാക്ഷാത്ക്കാരമാവുകയും അതിനോടനുബന്ധിച്ച് തന്നെ നബി ﷺ യുടെ സത്യസന്ധനായ പ്രേമിയുടെ ആഗമനത്തെപ്പറ്റിയുള്ള പ്രവചനമുണ്ടാവുകയും ചെയ്തു. സ്വഹാബാക്കളില്‍ പ്രകടമായിരുന്ന ഭയഭക്തിയെ നിലനിര്‍ത്താനും ഇസ്‌ലാമിന്റെ നൗകയെ സംരക്ഷിക്കാനും വാഗ്ദത്തമസീഹ് ആഗതരാകുകയും ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിന് ആരംഭം കുറിച്ച് ഇസ്‌ലാമിന്റെ മനോഹാരിതയെ അദ്ദേഹം മുഖേന വീണ്ടും ലോകത്ത് പുനഃസ്ഥാപിക്കുകയും ചെയ്യണമായിരുന്നു.

ഇന്ന് ഈ ഖുര്‍ആനിക വചനങ്ങള്‍ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സത്യസാക്ഷ്യത്തിലേക്കും അദ്ദേഹം മുഖേന രൂപീകൃതമായ ജമാഅത്തിന്റെ പുരോഗതിയിലേക്കുമാണ് വെളിച്ചം വീശുന്നത്. ഖുര്‍ആനില്‍ പരാമര്‍ശിക്കപ്പെട്ട പല പ്രവചനങ്ങളും പുലര്‍ന്നതായും ഇന്നും അത് തുടരുന്നതായും നമുക്ക് കാണാവുന്നതാണ്. ഇനിയും പുലര്‍ന്ന് കൊണ്ടിരിക്കുന്നതാണ്. ഇന്‍ശാ അല്ലാഹ്.

ദൈവികഗ്രന്ഥമായ വിശുദ്ധഖുര്‍ആന്‍ ആകാശഭൂമികളുടെ ഉടമസ്ഥനായ അല്ലാഹുവിന്റേതാണ്. അവന്‍ സത്യസ്വരൂപനും എല്ലാറ്റിനും കഴിവുള്ളവനുമാകുന്നു. അവന്‍ തന്റെ മഹത്തായ വൈഭവങ്ങള്‍ കൊണ്ട് മസീഹ് മൗഊദ് عليه السلام ന്റെ കാലഘട്ടത്തില്‍ നടക്കാനിരിക്കുന്ന വിപ്ലവങ്ങള്‍ സത്യമാക്കി കാണിച്ചുകൊണ്ടിരിക്കുകയാണ്. അത് തുടരുന്നതാണ്. അല്ലാഹു ഈ കാലഘട്ടത്തില്‍ നമുക്ക് കനിഞ്ഞരുളിയിരിക്കുന്ന ആ വിപ്ലവത്തിന്റെ ഭാഗമാകാനും ആ അനുഗ്രഹത്തെ കരഗതമാക്കാനും ആഗ്രഹിക്കുന്നുവെങ്കില്‍ നിങ്ങളുടെ പരിശ്രമം അത്യാവശ്യമാണ്. ദൈവികവിധിയുടെ ഭാഗമാകാനായി നാം നമ്മില്‍ ഒരു വിപ്ലവം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. അപ്രകാരം നാം ഓരോരുത്തരും ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ആഗമനോദ്ദേശ്യത്തിന്റെ ഭാഗമാകുകയും അദ്ദേഹത്തിന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങളുടെ അവകാശികളാവുകയും ചെയ്യേണ്ടതാണ്.

അല്ലാഹു ഈ കാലഘട്ടത്തില്‍ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സത്യസാക്ഷ്യമായി ഇറക്കിയിരിക്കുന്ന അടയാളങ്ങളെ സംബന്ധിച്ച് അല്ലാഹു പറയുന്നത്. وَالْمُرْسَلٰتِ عُرْفًا എന്നാണ്.മലക്കുകള്‍ മുഖേന സഹായിക്കപ്പെടുന്ന ആ കാലഘട്ടം മസീഹ് മൗഊദ് عليه السلام ന്റെ ജീവിതകാലം മുതല്‍ ആരംഭിച്ചതാണ്. നന്മയിലും പരിശുദ്ധതയിലും സ്വഭാവമഹിമയിലും അധിഷ്ഠിതമായ ആ സന്ദേശം തഖ്‌വയെ വ്യാപിപ്പിക്കാനും നിലനിര്‍ത്താനുമുള്ളതായിരുന്നു. ഈ അടയാളങ്ങളും സഹായഹസ്തങ്ങളും സഹാബാക്കള്‍ മുഖേനയും ലഭിച്ചുപോന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വാദമുന്നയിച്ചപ്പോള്‍ ഈ സന്ദേശം എതിരാളികളുടെ ശക്ത മായ എതിര്‍പ്പുകള്‍ക്കിടയിലാണ് പ്രചരിപ്പിച്ചത്. ഹദ്റത്ത് മസീഹ് മൗഊദിعليه السلامനുണ്ടായ അടയാളങ്ങള്‍ എപ്പോഴും അല്ലാഹുവിന്റെ സഹായത്തോടുകൂടിയായിരുന്നു പുലര്‍ന്നത്. അദ്ദേഹത്തെ വിശ്വസിച്ചവരുടെ തബ്‌ലീഗിനിടയില്‍ ശക്തമായ എതിര്‍പ്പുകളുണ്ടായിട്ടും സാവധാനം സത്യാത്മാക്കളെ ഈ ജമാഅത്തുമായി ബന്ധിപ്പിക്കാന്‍ സാധിച്ചു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെ ജമാഅത്തംഗങ്ങളുടെ അംഗസംഖ്യ ലക്ഷങ്ങള്‍ കവിഞ്ഞു.

അല്ലാഹു തന്റെ നബിമാരെ അയക്കുമ്പോള്‍ അവരുടെ സന്ദേശത്തെ ആദ്യം മെല്ലെ മെല്ലെ വ്യാപിപ്പിക്കാന്‍ തുടങ്ങുകയും പിന്നീടത് വളരെ വേഗത്തില്‍ മുന്നോട്ട് പോവുകയും ചെയ്യുന്നു. ആദ്യമാദ്യം സന്ദേശങ്ങള്‍ പ്രചരിപ്പിക്കാനുള്ള മാര്‍ഗ്ഗങ്ങള്‍ വളരെ കുറവായിരിക്കും. പിന്നീട് അല്ലാഹു തന്റെ തീരുമാനപ്രകാരം അതിന് സംവിധാനങ്ങളൊരുക്കുകയും അത് ത്വരിതഗതിയില്‍ മുന്നോട്ട് പോവുകയും ചെയ്യുന്നു. ഒരു ഭാഗത്ത് അടയാളങ്ങളില്‍ വര്‍ദ്ധനവുണ്ടാകുന്നു. അത് മസീഹ് മൗഊദ്عليه السلامന്റെ ജീവിതത്തില്‍ തന്നെ ദര്‍ശിക്കാന്‍ സാധിച്ചു. അല്ലാഹു അദ്ദേഹത്തിന് ദിവ്യവെളിപാടുമുഖേനയും ആത്മീയദര്‍ശനങ്ങള്‍ മുഖേ

നയും അത് കാണിച്ചുകൊടുക്കുകയും ആരംഭകാലം മുതൽ തന്നെ അതിൽ വർദ്ധനവുണ്ടാക്കുകയും ചെയ്തു. അതിന് അന്യരായ പല ആളുകളും സാക്ഷിയാണ്. ഉദാഹരണത്തിന് അദ്ദേഹം തന്റെ കാലഘട്ടത്തിൽ വരാനിരിക്കുന്ന പ്ലേഗിനെക്കുറിച്ച് പറഞ്ഞു. തുടക്കത്തിൽ അത് ഒരടയാളമെന്ന നിലക്ക് ചില സ്ഥലങ്ങളിൽ മാത്രം പ്രകടമാവുകയും പിന്നീടത് ഇന്ത്യയിൽ മുഴുവനും വ്യാപിക്കുകയും ചെയ്തു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഈ ലോകത്തോട് വിടപറഞ്ഞതിന് ശേഷവും ജമാഅത്തിന് അല്ലാഹുവിന്റെ സഹായഹസ്തങ്ങളുണ്ടായിക്കൊണ്ടിരിക്കുകയും ശേഷം രണ്ടാം ദിവ്യശക്തി പ്രഭാവമായ ഖിലാഫത്തിലൂടെ അത് പ്രകടമാകുന്നതായി നിങ്ങൾ കാണുന്നതാണ് എന്നറിയിക്കുകയും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് നൽകിയ വാഗ്ദാനപ്രകാരം ഈ കാലഘട്ടത്തിനനുസരിച്ച് ഈ പ്രസ്ഥാനത്തിന്റെ വളർച്ചക്കായി സൗകര്യങ്ങൾ അല്ലാഹു ചെയ്ത് തരികയും ചെയ്തു. അല്ലാഹു ചില കാര്യങ്ങൾ തന്റെ നബിമാരുടെ കാലഘട്ടത്തിലും മറ്റു ചിലത് അവരുടെ കാലശേഷവും പൂർത്തിയാക്കുന്നു. എന്നാൽ നബിമാരോട് അല്ലാഹു ചെയ്യുന്ന വാഗ്ദാനം ദൈവികവിധികളുടെ ഒരു ഭാഗമാണ്. അത് തീർച്ചയായും നടക്കുന്നതായിരിക്കും. വിശുദ്ധ ഖുർആനിൽ അല്ലാഹു നബി ﷺ യോട് ഇപ്രകാരം പറയുന്നു.

فَإِمَّا نَذْهَبَنَّ بِكَ فَإِنَّا مِنْهُم مُّنتَقِمُونَ (43:42)

അതായത്, ഒന്നുകിൽ നാം നിന്നെ (മരണം മുഖേന) എടുത്തു കൊണ്ടു പോയേക്കാം. അപ്പോൾ, തീർച്ചയായും നാം അവരോട് പ്രതികാരം ചെയ്യും.

അല്ലാഹു നബിയുടെ എതിരാളികളോട് തീർച്ചയായും പ്രതികാരം ചെയ്യുകയും അവർക്ക് കഠിനമായ ശിക്ഷ നൽകുകയും ചെയ്യുന്നതാണ്. അത് ചിലപ്പോൾ നബിയുടെ കാലഘട്ടത്തിലോ മറ്റ് ചിലപ്പോൾ ശേഷമോ ആയിരിക്കും പൂർത്തിയാവുക. അതേപോലെ വിജയങ്ങളെക്കുറിച്ചുള്ള സന്തോഷവാർത്തകളും അല്ലാഹുവിന്റെ ഇംഗിതപ്രകാരം നബിമാരുടെ നാവുകളിൽ നിന്ന് പ്രവഹിക്കുമെങ്കിലും ചിലത് അവരുടെ കാലഘട്ടത്തിലും ചിലത് അവരുടെ കാലശേഷവും പൂർത്തിയാവുന്നതായിരിക്കും. സുറാഖയുടെ കൈകളിൽ കിസ്റയുടെ വളകൾ അണിയിക്കപ്പെടും എന്ന നബി ﷺ യുടെ വാഗ്ദാനം യഥാർത്ഥത്തിൽ ഇറാൻ ഇസ്‌ലാമിന്റെ കൊടിക്കീഴിൽ വരുമെന്നതിനുള്ള സൂചനയായിരുന്നു. അത് ഹദ്റത്ത് ഉമർ (റ) ന്റെ കാലഘട്ടത്തിൽ പൂർത്തിയാവുകയും സുറാഖയുടെ കൈകളിൽ വളകൾ അണിയിക്കപ്പെടുകയും ചെയ്തു.

നന്മകൾ അല്ലാഹുവിന്റെ ഇംഗിതപ്രകാരം ആദ്യമാദ്യം സാവധാനം ചലിക്കുകയും പിന്നീടത് വളരെ വേഗത്തിൽ പ്രവർത്തിക്കാൻ തുടങ്ങുകയും അത് വികാസം പ്രാപിക്കുകയും ചെയ്യുന്നു. നന്മകൾ ത്വരിതഗതിയിൽ പ്രവർത്തനനിരതമാകുമ്പോൾ അതിന് അനുയോജ്യമായ സാഹചര്യവും അല്ലാഹു ഒരുക്കുന്നതാണ്. പ്രത്യേക സൗകര്യങ്ങൾ കൂടിയാവുമ്പോൾ അത് കൂടുതൽ വേഗത പ്രാപിക്കുന്നു. നാം മനസ്സിലാക്കേണ്ട ഒരു കാര്യം, അല്ലാഹുവിന്റെ ശക്തി ഒരിക്കലും പരിമിതമല്ല. അവൻ ഇച്ഛിക്കുകയാണെങ്കിൽ നബിയുടെ കാലഘട്ടത്തിൽ തന്നെ നബിയോട് ചെയ്ത വിജയവാഗ്ദാനങ്ങൾ പൂർത്തിയാക്കാൻ കഴിവുള്ളവനാണ്. എന്നാൽ പിന്നിൽ വരുന്നവരും ആ അനുഗ്രഹങ്ങളിലും വിജയങ്ങളിലും പങ്കാളികളാകണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്. ഈ കാലഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അത്യാധുനിക സംവിധാനങ്ങൾ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നാം ശ്രദ്ധിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. നാം സ്വഹാബാക്കളുടെ പാദങ്ങളെ പിൻപറ്റികൊണ്ട് കാലഘട്ടത്തിലെ ഇമാമിന്റെ സഹായികളാവേണ്ടതാണ്. ഇക്കാര്യത്തിൽ സഹായികളാവുമ്പോഴാണ് ആ ദൗത്യത്തെ നാം പൂർത്തീകരിക്കുന്നവരാകുക. ഇത്തരം അത്യാധുനികവും ത്വരിതഗതിയിൽ പ്രവർത്തിക്കുന്നതുമായ മാർഗ്ഗങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളായി മനസ്സിലാക്കിക്കൊണ്ട് അതിനെ ദീനിന്നായി ഉപയോഗിക്കുക. അല്ലാഹു ഇപ്രകാരം പറയുന്നു. وَالنَّاشِرَاتِ نَشْرًا അങ്ങനെ നല്ലവണ്ണം സത്യസന്ദേശം പ്രചരിപ്പിക്കുന്നവരെ കൊണ്ടും സത്യം. ഈ സന്ദേശപ്രചാരണത്തിനായിട്ടാണ് അല്ലാഹു നബി ﷺ യെ നിയോഗിച്ചത്. പരിപൂർണ്ണമായ മതം അത് ഖിയാമത്ത് നാൾവരെ നിലനിൽക്കുന്നതാണ്. ഈ കാലഘട്ടത്തിൽ ഈ ദീനിന്റെ പുനരുദ്ധാരണത്തിന്നായി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ അല്ലാഹു നിയോഗിക്കുകയും. സന്ദേശപ്രചരണത്തിന്റെ ഈ കാലഘട്ടത്തിൽ അല്ലാഹു നൂതനമായ പല മാർഗ്ഗങ്ങളും നമുക്ക് നൽകുകയും ചെയ്തു. നബി ﷺ യുടെ സ്വഹാബാക്കൾക്ക് ഇക്കാലത്തെ സൗകര്യങ്ങളോ നൂതനമായ മറ്റ് മാർഗ്ഗങ്ങളോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അതില്ലാതെ തന്നെ അവർ തബ്‌ലീഗിന്റെ കടമകൾ പാലിക്കുന്നവരായി മാറി. ഇന്ന് നമുക്ക് ലഭിച്ചിരിക്കുന്ന ഈ സൗകര്യങ്ങളത്രയും അങ്ങയുടെ സത്യസന്ധനായ പ്രേമിയുടെ ഈ കാലഘട്ടത്തിന് വിധിച്ചതായിരുന്നു. അല്ലാഹു അതിനെക്കുറിച്ച് മുമ്പേ പ്രവചിക്കുകയും ചെയ്തു. ഈ പ്രവചനത്തെപ്പറ്റി മറ്റൊരു സ്ഥലത്ത് അല്ലാഹു ഇപ്രകാരം പറയുന്നു. وَإِذَا الصُّحُفُ نُشِرَتْ ഏടുകൾ നിവർത്തപ്പെടുമ്പോൾ.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഈ കാലഘട്ടം ഗ്രന്ഥങ്ങൾ ലോകത്ത് വ്യാപിപ്പിക്കാനുള്ള കാലഘട്ടമാണ്. അതുകൊണ്ട് തന്നെ മസീഹ് മൗഊദ് عليه السلام റൂഹാനീ ഖസായിൻ എന്ന പേരിൽ ഒരാത്മീയ ഭണ്ഢാരം തന്നെ നമുക്ക് നൽകുകയും അത് അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ തന്നെ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. ഇതിനെ ജനങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ സ്വഹാബാക്കളും വളരെ നല്ല പ്രവർത്തനമാണ് കാഴ്ചവെച്ചത്. പല സംഭവങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്, പല സ്വഹാബിമാരും മറ്റുള്ള വ്യക്തികൾക്ക് ഈ ഗ്രന്ഥങ്ങൾ നൽകുകയും അവർ വായിക്കുകയും പ്രഭാവിതരാവുകയും ഇങ്ങനെ ജനങ്ങൾ സാവധാനം അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും ചെയ്തു. പ്രത്യേക ത്യാഗമനോഭാവത്തോടെയാണ് അവർ പ്രവർത്തിച്ചത്. ഇസ്‌ലാമിന്റെ ആരംഭകാലഘട്ടങ്ങളിൽ സ്വഹാബാക്കൾ കാണിച്ച ത്യാഗങ്ങൾ തന്നെയാണ് ഈ സ്വഹാബാക്കളിലും കാണാൻ സാധിച്ചത്. അപ്രകാരം ഇവർ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവരായിമാറുകയും സത്യം ചെയ്യപ്പെടുന്നവരിൽ ഉൾപ്പെടുകയും മുൻ സഹാബാക്കളെപോലെതന്നെ സൽപ്രവർത്തനങ്ങളിലൂടെ അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുന്നവരായി മാറുകയും ചെയ്തു.

ഇന്ന് ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ഇസ്‌ലാമിന്റെ വിരോധികൾക്ക് മറുപടി നൽകുന്നതിനുമായി അല്ലാഹു ആദ്യത്തെക്കാളുപരി മാർഗ്ഗങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. അത് ത്വരിതഗതിയിൽ നടക്കുന്നുമുണ്ട്. ആദ്യമാദ്യം പുസ്തകങ്ങൾ അച്ചടിക്കാനും അത് മറ്റുള്ളവരിലേക്കെത്തിക്കാനും വളരെ സമയമെടുക്കുമായിരുന്നു. എന്നാൽ ഇന്ന് ഇത് വളരെ പെട്ടെന്ന് നടക്കുന്നു. ഒരു ഭാഗത്ത് പ്രിന്റിങ് നടക്കുകയും മറ്റൊരു ഭാഗത്ത് ഗ്രന്ഥരൂപത്തിൽ ലഭിക്കുകയും ചെയ്യുന്നു. ഇന്ന് മസീഹ് മൗഊദി عليه السلام ന്റെ ഗ്രന്ഥങ്ങളും ഖുർആനും മറ്റ് ഇസ്‌ലാമിക ഗ്രന്ഥങ്ങളും ഇന്റർനെറ്റ്, ടി.വി എന്നിവ മുഖേന പ്രചരിപ്പിക്കാനുള്ള ആധുനിക സംവിധാനങ്ങൾ ഉണ്ടായിരിക്കുന്നു. ഇന്ന് മീഡിയകളിൽ കാണുന്ന ഈ വേഗത, പതിറ്റാണ്ടുകൾക്ക് മുമ്പ് ഇതിനെക്കുറിച്ച് യാതൊരു ചിന്തയുമുണ്ടായിരുന്നില്ല. വളരെ നല്ല സാഹചര്യങ്ങളാണ് അല്ലാഹു നമുക്ക് നൽകിയിരിക്കുന്നത്. ഇസ്‌ലാമിന്റെ സന്ദേശപ്രചാരണത്തിന് വേണ്ടിയും പ്രതിരോധപ്രവർത്തനങ്ങൾക്ക് വേണ്ടിയും ഇത് പ്രയോജനപ്പെടുത്തേണ്ടതാണ്. ഇക്കാലഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ അല്ലാഹുവിന്റെ പ്രവൃത്തിയും അവനിൽനിന്നുള്ള അനുഗ്രഹങ്ങളുമാണ്. ഇതിലൂടെ തബ്‌ലീഗ് രംഗത്ത് വളരെ നല്ല മാർഗ്ഗമാണ് തുറന്ന് തന്നിരിക്കുന്നത്. എന്നാൽ ഇത്തരം ഘട്ടങ്ങളിൽ നമ്മെ സംബന്ധിച്ചേടത്തോളം അനാവശ്യകാര്യങ്ങളിൽ സമയം ചെലവഴിക്കുന്നതിനും ഇതിനെ തെറ്റായ രീതിയിൽ ഉപയോഗിക്കുന്നതിനും പകരം ശരിയായ രീതിയിൽ ഈ മാർഗ്ഗത്തെ ഉപയോഗിക്കേണ്ടതാണ്. മുഹമ്മദീ മസീഹിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിച്ച്കൊണ്ടിരിക്കുന്ന പ്രചാരകരിൽ ഉൾപ്പെടുകയാണെങ്കിൽ അല്ലാഹു സത്യം ചെയ്ത ആ സംഘത്തിൽ നാമും ഉൾപ്പെടുന്നതാണ്. എം.ടി.എ യുമായി ബന്ധപ്പെട്ട ഒരു പരിപാടിയിൽ ഞാൻ പറഞ്ഞത്,, ഇന്ന് എം.ടി.എ യുടെ ഓരോ പ്രവർത്തകരും, അവർ ലോകത്ത് എവിടെ പ്രവർത്തിക്കുന്നവരാണെങ്കിലും അവർ മസീഹ് മൗഊദ് عليه السلام ന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്ന പ്രവർത്തനങ്ങളാണ് ചെയ്ത്‌വരുന്നത്. ഈ പ്രവൃത്തി അല്ലാഹുവാണ് ചെയ്യുന്നത്. അതായത് മസീഹ് മൗഊദ് عليه السلام നോട് അല്ലാഹു ഇപ്രകാരം പറഞ്ഞു, ഞാൻ നിന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതാണ്. യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനുവേണ്ടിതന്നെയാണ് അല്ലാഹു ഈ മാർഗ്ഗങ്ങൾ തുറന്ന് തന്നിരിക്കുന്നത്. ഇത് അല്ലാഹു വിധിച്ച കാര്യമാണ്. കൂടാതെ എല്ലാ കണ്ടുപിടുത്തങ്ങളും അതിന് സാക്ഷി പറയുകയും ചെയ്യുന്നതാണ്. എന്നാൽ നാം ആ തബ്‌ലീഗിന്റെ ഭാഗമായിക്കൊണ്ട് പ്രവർത്തിച്ച് അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കേണ്ടതാണ്. നമ്മുടെ ഭാഗത്ത് ന്യൂനതകളുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുകയാണെങ്കിൽ മാത്രമേ നാം നമ്മുടെ കടമ നിർവ്വഹിക്കുന്നവരായിത്തീരുകയുള്ളൂ. ഈ പ്രവർത്തകർ ഈ അവസ്ഥയിൽ എത്തുകയും തങ്ങളിൽ ആത്മപരിശോധന നടത്തുകയും ചെയ്തെങ്കിൽ മാത്രമേ തങ്ങളുടെ ശരിയായ സ്ഥാനം മനസ്സിലാക്കുന്നവരാകുകയുള്ളൂ. സ്ഥാനത്തെപ്പറ്റി അവബോധമുണ്ടാകുമ്പോൾ അല്ലാഹുവിന്റെ കടമകൾ പൂർത്തിയാക്കുന്നതിലുള്ള ഉത്തരവാദിത്ത്വങ്ങളിലേക്കും ശ്രദ്ധയുണ്ടാവുന്നതാണ്. വെറും ടെക്ക്നിക്കുകൾ പറഞ്ഞ് ക്യാമറക്ക് പിന്നിൽ നിന്നത് കൊണ്ടോ പ്രോഗ്രാം തയ്യാറാക്കുന്നതുകൊണ്ടോ മറ്റ് പ്രവൃത്തികൾ ചെയ്തത് കൊണ്ടോ നിങ്ങളുടെ ഉത്തരവാദിത്ത്വങ്ങൾ തീരുന്നില്ല. ഇത് കൂടാതെ അല്ലാഹുവിന്റെ കടമകൾ പാലിക്കുന്നതിനായി ഇബാദത്തുകളിലേക്കും ശ്രദ്ധിക്കേണ്ടതാണ്. ഒരോ പ്രവൃത്തിയുടേയും ശുഭപര്യവസാനത്തിനായി അല്ലാഹുവിന് മുമ്പിൽ കുനിയേണ്ടത് അത്യാവശ്യമാണ്. തൽഫലമായി وَّالنّٰشِرٰتِ نَشْرًا എന്നതിനെ മുന്നിൽ വെച്ച്കൊണ്ട് സ്വഹാബാക്കളുടെ പാദങ്ങളെ പിന്തുടരാനുള്ള കാര്യത്തിലും ശ്രദ്ധയുണ്ടാവുന്നതാണ്. ആരാധനാകാര്യങ്ങളിൽ ഉന്നത നിലവാരം കാഴ്ചവെക്കുന്നതോടൊപ്പം തന്നെ പ്രസ്തുത പ്രവർത്തനങ്ങളിൽ ഒരു പരിശ്രമത്തോടുകൂടി അല്ലാഹുവിന്റെ മസീഹിനെ സഹായിക്കുന്ന കാര്യത്തിലും ശ്രദ്ധയുണ്ടാവുകയും ഈ സന്ദേശത്തെ ലോകജനതയ്ക്ക് മുമ്പിൽ പ്രചരിപ്പിക്കാനുള്ള ശ്രമം നടക്കുകയും ചെയ്യുന്നതാണ്. ഇത് എം.ടി.എയിൽ മാത്രം ഒതുങ്ങുന്നതോ ചില വെബ്സൈറ്റുകൾക്ക് മറുപടി നൽകാനുള്ള ടീമിൽ മാത്രം ഒതുങ്ങുന്നതോ ആയ കാര്യങ്ങളല്ല. ജമാഅത്തിലെ ഓരോ അംഗവും ഇക്കാര്യത്തിൽ ഉന്നത നിലവാരം കാഴ്ചവെക്കേണ്ടതാണ്. സ്വഹാബാക്കൾ ചെയ്ത് കാണിച്ചത് പോലെ ഈ കടമകൾ പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഇത്‌വരെ നാം സമയം നഷ്ടപ്പെടുത്തിയെങ്കിൽ അല്ലെങ്കിൽ ഇതുവരെ ഇക്കാര്യത്തിൽ ശ്രദ്ധയുണ്ടായില്ലായെങ്കിൽ ഇനി മുതലെങ്കിലും ഈ ചിന്തയെ ഉണർത്തേണ്ടതാണ്. നമ്മുടെ കഠിന പ്രയത്നം ആവശ്യമായ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അല്ലാഹുവിന്റെ വിധി തീർച്ചയായും നടപ്പിൽ വരിക തന്നെ ചെയ്യുമെന്നതിൽ സംശയമില്ല. എന്നാൽ ഇക്കാര്യത്തിൽ ഓരോ അഹ്മദിയും തങ്ങളുടെ ഉന്നത നിലവാരം കാഴ്ചവെക്കുകയാണെങ്കിൽ വളരെ പെട്ടെന്ന് തന്നെ നമുക്ക് ഒരു വിപ്ലവം ദർശിക്കാൻ സാധിക്കുന്നതാണ്. ഇൻശാ അല്ലാഹ്. അല്ലാഹു പറയുന്നു. فَالْفٰرِقٰتِ فَرْقًا സത്യാസത്യങ്ങളെ നല്ലവണ്ണം വ്യതിരിക്തമാക്കുന്നവരും,

ഈ തബ്‌ലീഗും നൂതന മാർഗ്ഗങ്ങളും ഉപയോഗിക്കുന്നതിലൂടെ വലിയൊരു വ്യത്യാസം കാണാൻ സാധിക്കുന്നതാണ്. ഓരോ അഹ്മദിയും ഏതെങ്കിലും വിധത്തിൽ തബ്‌ലീഗ് പ്രവർത്തനങ്ങളിൽ പങ്കെടുത്ത് കൊണ്ട് ഇതിന്റെ ഭാഗമാകുന്നു. ഇന്റർനെറ്റ് മുഖേനയും ഗ്രന്ഥങ്ങളിലൂടെയും കൂടാതെ എം.ടി.എ യുടെ പ്രവർത്തകർ തൽസമയ സംപ്രേഷണ വഴിയല്ലെങ്കിൽ തന്നെ ഈ സന്ദേശപ്രചാരണത്തിന്റെ ഭാഗമായി മാറുകയാണ്. അവർ ലോകത്ത് നടക്കുന്ന പുസ്തകപ്രചാരണത്തിന്റെ വ്യവസ്ഥാപിതമായ പ്രവർത്തനത്തിൽ ഭാഗഭാക്കാണ്. അവർ നന്മയാണ് ലോകത്ത് സ്ഥാപിക്കുന്നത്.

ഇന്ന് ലോകത്ത് ഈ പുതിയ കണ്ടുപിടുത്തം കാരണം കളിതമാശകളും അനാവശ്യകാര്യങ്ങളും വളരെയധികം വ്യാപകമായതായി കാണാം. അതിനെക്കുറിച്ച് ഞാൻ മുമ്പെ പറഞ്ഞതാണ്. എന്നാൽ മറുഭാഗത്ത് അല്ലാഹുവിന്റെയും മുഹമ്മദീ മസീഹിന്റെയും

ശിഷ്യസംഘം അല്ലാഹുവിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുന്ന കാര്യത്തിൽ നിതാന്ത പരിശ്രമത്തിലാണ്. മറ്റ് ചില ചാനലുകളും ഇസ്‌ലാമികാദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കാറുണ്ടെങ്കിലും കുറഞ്ഞ സമയത്തിന് വേണ്ടിമാത്രമാണ് ചെയ്യാറുള്ളത്. എന്നാൽ കാലത്തിന്റെ നീതിമാനായ വിധികർത്താവിനെ ഉപേക്ഷിച്ചത് കാരണം പല സമ്പ്രദായങ്ങളും ബിദ്അത്തുകളും അവരിൽ കടന്ന് കൂടിയിരിക്കുന്നു. അത് ചിലപ്പോൾ ഈ അദ്ധ്യാപനങ്ങളുടെ ആത്മീയതയെ തന്നെ വികൃതമാക്കുന്നു. ഉദാഹരണമായി ആരോ എനിക്കെഴുതിയിരുന്നു. അതായത് ഒരു ചോദ്യോത്തര പരിപാടിയിൽ ഒരു മൗലവി സ്ത്രീകൾക്ക് പർദ്ദ ആവശ്യമില്ല എന്ന് പറയുകയായിരുന്നു. കാരണം മാറിടത്തിൽ മാത്രം തുണികൊണ്ട് മറച്ചാൽ മതി എന്നാണ് അയാൾ പറഞ്ഞത്. മറ്റ് അവയവങ്ങൾ മറക്കേണ്ടതിനെപറ്റിയും കൽപനയില്ല എന്നുമാണ് അയാളുടെ വ്യാഖ്യാനം. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വളരെ വ്യക്തമായ കൽപനയാണുള്ളത്. അത് നബിമാരുടെ സഹധർമ്മിണികൾക്ക് മാത്രമാണെന്ന് ചിലർ പറയാറുണ്ട്. എന്നാൽ ഈ ആയത്തിൽ തന്നെ സത്യവിശ്വാസിനികൾക്കുള്ള വ്യക്തമായ കൽപനയുള്ളതാണ്. ഏതായാലും ഇത്തരം തെറ്റിദ്ധാരണാജനകമായ കാര്യങ്ങളും ബിദ്അത്തുകളും തന്ത്രങ്ങളും മെനയുന്ന ഇത്തരക്കാർ ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ ആത്മീയതയെ തന്നെ ഇല്ലാതാക്കുന്നു. സത്യസന്ധനായ ഈ പ്രേമിയിലൂടെ പ്രചരിച്ച്കൊണ്ടിരിക്കുന്ന അദ്ധ്യാപനങ്ങൾ മാത്രമാണ് യഥാർത്ഥമായിട്ടുള്ളത്. അദ്ദേഹം ഈ കാലഘട്ടത്തിലെ നീതിമാനായ വിധികർത്താവാകുന്നു. ഈ അദ്ധ്യാപനങ്ങൾ തന്നെയാണ് സത്യത്തെയും അസത്യത്തെയും തെറ്റിനെയും ശരിയെയും ശുദ്ധമായ ദീനിനെയും ബിദ്അത്തുകളെയും തമ്മിൽ വ്യതിരിക്തമാക്കുന്നത്. അതുകൊണ്ട് തന്നെ മസീഹ് മൗഊദ് عليه السلام ന്റെ പ്രവൃത്തി നീതിമാനായ വിധികർത്താവായികൊണ്ട് فَالْفٰرِقٰتِ فَرْقًا എന്നതിന്റെ ശരിയായ വ്യാഖ്യാനം നൽകുക എന്നതാണ്. നാം ഇന്ന് കാണുന്ന ഭൗതികതയുടെ ചുറ്റുപാടിൽ നിന്ന് പുറത്ത്കടന്ന് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ അനുയായികൾക്കായി സമർപ്പിച്ച ആ ചുറ്റ്പാട് സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടതാണ്. ഇപ്രകാരമില്ലെങ്കിൽ പിന്നെ നാമും മറ്റുള്ളവരും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടാകുന്നതല്ല. ആ വ്യത്യാസം പ്രകടമാകണമെങ്കിൽ നമ്മുടെ തബ്‌ലീഗിനും പ്രോഗ്രാമുകൾക്കുമൊപ്പം നമ്മുടെ അന്തരംഗങ്ങളിൽ പരിവർത്തനം വരുത്തേണ്ടിയിരിക്കുന്നു. നാം ഇക്കാര്യത്തിൽ ആത്മപരിശോധന നടത്തുകയും മറ്റുള്ളവർക്ക് നൽകുന്ന അദ്ധ്യാപനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും മാതൃകകൾ കാണിക്കുകയും ചെയ്യേണ്ടതാണ്

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام സമർപ്പിച്ച ഇസ്‌ലാമിന്റെ മനോഹരമായ ഈ ചിത്രം മറ്റുള്ളവയിൽ നിന്ന് വ്യതിരിക്തമാണ് നബി ﷺ ക്ക് മുമ്പിൽ അല്ലാഹു സമർപ്പിച്ചതാണിത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ജനസമക്ഷം സമർപ്പിച്ച ഈ ചിത്രം തന്നെയാണ് ലോകജനതയ്ക്കും നമുക്കും ആവശ്യമായിട്ടുള്ളത്.

തബ്‌ലീഗുമായി ബന്ധപ്പെട്ട് നിങ്ങളോട് പറയാനാഗ്രഹിക്കുന്ന ഒരു കാര്യം ഒരു ലഘുലേഘ വിതരണം ചെയ്യാനുള്ള പദ്ധതി ആസൂത്രണം ചെയ്തിരുന്നു. ഇവിടെ യു.കെ.യിലും ലോകത്തുള്ള മറ്റ് രാജ്യങ്ങളിലും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുകയും വലിയ പ്രഭാവമുണ്ടാവുകയും ചെയ്തു. ഈ ലഘുലേഘയിൽ ജമാഅത്തിനെ പരിചയപ്പെടുത്തുകയും മസീഹ് മൗഊദ് عليه السلام ന്റെ സ്നേഹമസൃണമായ അദ്ധ്യാപനങ്ങൾ വെക്കുകയും ചെയ്തു. അത് ജനങ്ങളിൽ നല്ല പ്രഭാവമാണ് ഉണ്ടാക്കിയത്. അമേരിക്കയിലും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തനം നടന്നു. ഒരു പക്ഷെ അത് വിജയകരമാകുകയില്ല എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ലഘുലേഘ വിതരണം ചെയ്യാൻ തുടങ്ങിയപ്പോൾ വളരെ സന്തോഷത്തോടെയാണ് ജനങ്ങൾ അത് സ്വീകരിച്ചത്. ഇത്തരം ഇസ്‌ലാമികാദ്ധ്യാപനങ്ങൾ ഞങ്ങൾ ആദ്യമായിട്ടാണ് കേട്ടത് എന്നാണ് അവരിൽ പലരും പറഞ്ഞത്. ഇതിന്റെ അടിസ്ഥാനത്തിൽ പല പത്രപ്രവർത്തകരും ഇതിൽ പങ്കെടുത്തുകൊണ്ട്, നിങ്ങളുടെ ഭാഗത്ത് നിന്നുള്ള ഈ സന്ദേശപ്രചാരണത്തിൽ ഞങ്ങളും ഭാഗഭാക്കാകാൻ ആഗ്രഹിക്കുന്നുവെന്ന് പറയുകയും പല നേഷണൽ പത്രങ്ങളുടെ വളരെ ഉന്നതരായ കോളമിസ്റ്റുകളും തങ്ങളുടെ പത്രങ്ങളിൽ ഇതിനെക്കുറിച്ച് കോളമെഴുതുകയും ചെയ്തു. ലക്ഷക്കണക്കിന് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളാണിവ. ആയിരക്കണക്കിന് ലഘുലേഖകൾ മാത്രമാണ് വിതരണം ചെയ്യപ്പെട്ടത്. എന്നാൽ പിന്നീട് പത്രങ്ങളിലൂടെ ലക്ഷക്കണക്കിന്, കോടിക്കണക്കിന് ആളുകളിൽ അത് എത്തുകയും ചെയ്തു. ഈ മാർഗ്ഗം വളരെ വിജയകരമായിരുന്നു. ലഘുലേഘ വേണ്ടെന്ന് പറയുന്ന പലരുമുണ്ടായിരുന്നെങ്കിലും, നിങ്ങൾ കരുതുന്ന രൂപത്തിലുള്ള അദ്ധ്യാപനമല്ലെന്നും സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സന്ദേശമാണെന്നും അവരോട് പറഞ്ഞപ്പോൾ അവർ അത് വാങ്ങുകയും ചെയ്തു. നമ്മുടെയും മറ്റുള്ളവരുടെയും സന്ദേശങ്ങളിലുള്ള വ്യത്യാസമാണിത്. ഈ കാലഘട്ടത്തിന്റെ ഇമാമാണ് ഇപ്രകാരം തബ്‌ലീഗ് ചെയ്യാനായി നമുക്ക് പഠിപ്പിച്ച് തന്നത്. ഒരു സഹോദരൻ എനിക്കെഴുതി. അദ്ദേഹം ഒരു സ്ത്രീക്ക് നോട്ടീസ് കൊടുത്തപ്പോൾ വളരെ ദേഷ്യത്തോടെ നോക്കുകയും നിങ്ങൾ 9/11 ന്റെ ആളുകളല്ലേ എന്ന് ചോദിച്ചപ്പോൾ, അല്ല അത് ഞങ്ങളുടെ സന്ദേശമല്ലെന്നും ഞങ്ങളുടെ സന്ദേശം ഇതിൽ നിന്ന് തികച്ചും വിഭിന്നമാണെന്ന് പറയുകയും ചെയ്തപ്പോൾ നോട്ടീസ് വാങ്ങുകയും വായിച്ചശേഷം പ്രശംസിക്കുയും ചെയ്തു.

യഥാർത്ഥത്തിൽ ഈ സന്ദേശം നന്മയെയും തിന്മയെയും വ്യതിരിക്തമാക്കുന്നതാണ്. ഇവിടെയും ഇസ്‌ലാമിന്റെ തനതായ അദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കപ്പെട്ടപ്പോൾ നന്മയും തിന്മയും വേർതിരിക്കപ്പെടുകയും യഥാർത്ഥമായ അദ്ധ്യാപനമേതാണെന്നും വികൃതമായത് ഏതാണെന്നും ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുകയും ചെയ്തിരിക്കുന്നു. ഇതിലൂടെ യുവാക്കളിലും ധൈര്യമുണ്ടായിരിക്കുന്നു. അമേരിക്കയിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇജ്തിമാവേളയിൽ, പത്രങ്ങളിൽ എഴുതാറുള്ള ചില യുവാക്കൾ, ചില കോളമിസ്റ്റുകളെ നേരിൽ കാണുകയും അവർക്ക് എഴുതിയത് നൽകുകയും ചെയ്തു. പത്രപ്രവർത്തകരുടെ സഹായം കൂടിയായപ്പോൾ യുവാക്കൾക്കും തങ്ങളുടെ പ്രവർത്തനങ്ങളിൽ ദൃഢവിശ്വാസം ഉണ്ടാകുകയും പിന്നീടങ്ങോട്ട് വ്യവസ്ഥാ

പിതമായി പദ്ധതികൾ തയ്യാറാക്കി പത്രങ്ങളിൽ എഴുതാൻ തുടങ്ങുകയും അങ്ങനെ അവരുടെ അപകർഷതാബോധം തന്നെ ഇല്ലാതായിരിക്കുന്നു. കാരണം ഇസ്‌ലാമിനെക്കുറിച്ച് ശരിയായ ജ്ഞാനമില്ലാത്ത യുവാക്കൾ മറ്റുള്ളവരിൽ നിന്ന് ചില തെറ്റായ കാര്യങ്ങൾ കേൾക്കുമ്പോൾ പിന്നീട് അപകർഷതാബോധം ഉണ്ടാകുന്നു. ഇസ്‌ലാമിനെക്കുറിച്ച് ജ്ഞാനമില്ലാത്ത നമ്മുടെ യുവാക്കളുടെ സ്ഥിതിയും ഇത് തന്നെയാണ്. ഏതായാലും മറ്റുള്ളവർ പ്രശംസിക്കുന്നത് കണ്ട് യുവാക്കൾക്ക് തങ്ങളുടെ പ്രവർത്തനങ്ങളിൽ ദൃഢവിശ്വാസമുണ്ടായിരിക്കുന്നു. ഇവരുടെ പ്രവർത്തനം അവസാനിച്ചു എന്ന് ഞാൻ പറയുന്നില്ല. അടുത്ത പ്രവർത്തനത്തിലേക്ക് അവർ തിരിയുന്നതായിരിക്കും. ഇനി ഏത് വിധത്തിലുള്ള സന്ദേശമാണ് നൽകേണ്ടത് എന്ന കാര്യത്തിൽ ചിന്തിച്ച് അവർ പ്രവർത്തിക്കുന്നതായിരിക്കും. ചിലർക്ക് ഒരു പ്രാവശ്യം സന്ദേശമെത്തിച്ചുവെങ്കിൽ അവർക്ക് അടുത്ത് സന്ദേശവും എത്തിക്കുന്ന കാര്യത്തിൽ ചിന്തിക്കേണ്ടതാണ്. ഒരു സഹോദരൻ കാനഡയിലും ലഘുലേഖകൾ വിതരണം ചെയ്യുന്നുണ്ട് എന്നറിയിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് , ഇന്ത്യയിലെ ഏതെങ്കിലും സ്ഥലത്ത് നിന്ന് ലിഖിതസന്ദേശങ്ങൾ (text messeges) ഫോൺ മുഖേന അയക്കുകയാണെങ്കിൽ അത് കൂടുതൽ ഗുണകരമായിരിക്കും എന്നാണ്. എന്നാൽ അവിടെയിരുന്ന് ഏത് ടീമാണ് മെസേജ് അയക്കുക. ഏതെല്ലാം രാജ്യങ്ങളിലേക്കാണ് അയക്കേണ്ടത്, അവിടങ്ങളിലെ നമ്പറുകളുടെ ഡയറക്ടറികൾ ആവശ്യമായി വരും. ഇനി അഡ്രസ് ലഭിച്ചാൽ പോലും നിയമപരമായ ചില തടസ്സങ്ങളുണ്ടാകും. സന്ദേശങ്ങൾ ഇഷ്ടപ്പെടാത്ത ഒരാൾക്ക് സന്ദേശം നൽകുക എന്നത് തന്നെ നിയമത്തിന് വിരുദ്ധമായ കാര്യങ്ങളാണ്. ഇങ്ങനെയുള്ള പല ചോദ്യങ്ങളും ഉയരുന്നുണ്ട്. ചിലർ സദുദ്ദേശക്കാരായിരിക്കാം. എന്നാൽ നിങ്ങൾ സ്വയം ചെയ്യുമ്പോഴുണ്ടാകുന്ന പ്രഭാവം അതിൽ ലഭ്യമാകുന്നതല്ല. സ്വയം ചെയ്യുന്ന പ്രവൃത്തിയിൽ നിങ്ങളുടെ പരിശ്രമം ഉണ്ടാകുന്നതാണ്. വ്യക്തിപരമായ ബന്ധമുണ്ടാകുന്നു. പിന്നീട് അവർ നിങ്ങളുടെ രീതിയെക്കുറിച്ചും രൂപത്തെക്കുറിച്ചും മനസ്സിലാക്കുന്നു. നിങ്ങളുടെ സംസാരരീതി വീക്ഷിക്കുന്നു. നിങ്ങൾ എത്തരത്തിലുള്ള ആളാണെന്ന് അവർ മനസ്സിലാക്കുന്നു. പരസ്പരം ബന്ധമുണ്ടാകുമ്പോൾ അത് പിന്നീട് തബ്‌ലീഗിനുള്ള മാർഗ്ഗമാകുന്നു. ലിറ്ററേച്ചറുകളും നോട്ടീസുകളും നൽകുന്നത് തന്നെയാണ് ഉത്തമം. എന്നാൽ ഫോണിലൂടെ ടെക്സ്റ്റ് മെസേജ് നൽകുന്നത് കൊണ്ട് മാത്രം കാര്യം നടക്കുന്നതല്ല. വ്യക്തിപരമായ പരിശ്രമത്തിലൂടെ തബ്‌ലീഗ് ചെയ്യുന്നില്ലെങ്കിൽ ലിറ്ററേച്ചറുകൾ നൽകുന്നില്ലെങ്കിൽ തബ്‌ലീഗിൽ അഭിവൃദ്ധിയുണ്ടാകുന്നതല്ല. മെസ്സേജിലൂടെ കമ്പനികളുടെ പരസ്യങ്ങൾ നൽകാം, പക്ഷെ ഇത്തരത്തിൽ ശരിയായ രീതിയിൽ തബ്‌ലീഗ് നടക്കുന്നതല്ല. നമ്മുടെ മാർഗ്ഗങ്ങൾ ദൃഢമായതാണെങ്കിൽ മാത്രമേ തബ്‌ലീഗിന്റെ കാര്യത്തിൽ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. മറ്റൊരു കാര്യം കൂടി ഞാൻ പറയാനാഗ്രഹിക്കുകയാണ്. അതായത് പാക്കിസ്ഥാനിലും മറ്റ് മുസ്‌ലിം രാജ്യങ്ങളിലും നിയമപരമായ തടസ്സങ്ങളുണ്ടെങ്കിൽ തന്നെ ഇക്കാര്യത്തിൽ സ്വാതന്ത്ര്യമുള്ള രാജ്യങ്ങളിൽ വിശാലമായ രീതിയിൽ ജമാഅത്തിനെ പരിചയപ്പെടുത്താനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ചിലയിടങ്ങളിൽ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ലഘുലേഖകൾ പ്രസിദ്ധീകരിച്ചിരിക്കുന്നു. പക്ഷെ അത്രമാത്രം മതി എന്ന് വിചാരിക്കരുത്. ഈ പ്രവൃത്തിയെ ഇനിയും മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. എല്ലാ വർഷങ്ങളിലും ജമാഅത്തിനെ പരിചയപ്പെടുത്തുന്ന രീതിയിലുള്ള ലഘുലേഖകൾ ലക്ഷക്കണക്കിന് വിതരണം ചെയ്യേണ്ടതാണ്. സന്ദേശം ലഭിച്ചവർക്ക് അതിന്റെ അടുത്ത ഭാഗം എത്തിക്കേണ്ടതാണ്. ഈ ലഘുലേഖകൾ മുഖേന അമേരിക്കയിലും മറ്റ് രാജ്യങ്ങളിലും പത്രവാർത്തകൾ വരികയുണ്ടായി. മില്ല്യൻ കണക്കിന് ജനങ്ങളിലേക്കാണ് ജമാഅത്തിന്റെയും ഹദ്റത്ത് മസീഹ് മൗഊദ് ﷺ ന്റെയും സന്ദേശമെത്തിയിരിക്കുന്നത്. ഈ സദുദ്ദേമത്തെ ആദ്യത്തെക്കാളുപരി ചലനാത്മകമാക്കേണ്ടതുണ്ട്. നിരന്തരമായ പ്രവർത്തനം എന്നതാണ് നബിമാരുടെ പ്രവൃത്തി. നബിമാരുടെ അനുയായികളും അവരുടെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കേണ്ടതാണ്. അല്ലാഹു പറയുന്നു. فَالْمُلْقِيٰتِ ذِكْرًا സർവ്വത്ര ഉപദേശമെത്തിക്കുന്നവരായ (തിരുസഖാക്കളെ)കൊണ്ട് സത്യം.അല്ലാഹുവിന്റെ സന്ദേശവാഹകർ എപ്പോഴും അത് തുടർന്ന് ചെയ്യുന്നവരുടെ ഗണത്തിൽ ഉൾപ്പെടുന്നുവെങ്കിൽ മാത്രമേ അവർ നബിയുടെ യഥാർത്ഥ പിൻഗാമികളിൽ പെട്ടവരാകുകയുള്ളൂ. നബിയുടെ അനുയായികളുടെ പ്രവൃത്തി ഒന്നിനു പിറകെ മറ്റൊന്നായി സന്ദേശമയക്കുക എന്നതാണ്. എന്നാൽ മാത്രമേ തെറ്റായ വഴിയിലൂടെ ചരിക്കുന്നവരെ അതിൽ നിന്നും രക്ഷിക്കാൻ സാധിക്കുകയുള്ളൂ. ദൈവികപ്രസ്ഥാനങ്ങളുടെ പ്രവൃത്തിയും ഇത് തന്നെയാണ്. അതായത് ലോകത്തെ നരകാഗ്നിയിൽ വീഴുന്നതിൽ നിന്ന് രക്ഷപ്പെടുത്തുക എന്നതാണത്. അതിന്നായി നിതാന്തപരിശ്രമം ഉണ്ടായിരിക്കേണ്ടതാണ്. സന്ദേശങ്ങളുടെ രണ്ട് ഭാഗങ്ങളെക്കുറിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നു. عُذْرًا اَوْ نُذْرًا അതായത്, ന്യായപൂർത്തീകരണത്തിനോ മുന്നറിയിപ്പ് നൽകുന്നതിനോ വേണ്ടി, ഒരാൾ വിശ്വസിക്കുന്നില്ലെങ്കിൽ പിന്നെ ദൈവിക ശിക്ഷയും വരാൻ സാധ്യതയേറെയാണ്.

ഈ ആയത്തിനെക്കുറിച്ചും ഇതിന് മുമ്പുള്ള ആയത്തിനെക്കുറിച്ചു ഹദ്റത്ത് മസീഹ് മൗഊദ് ﷺ ഇപ്രകാരം പറയുന്നു. നബിയുടെ അടയാളങ്ങൾ സത്യവിശ്വാസിയുടെയും നിഷേധിയുടെയും ഇടയിൽ വ്യത്യാസം കൽപിക്കുന്നു. ആ ഘട്ടത്തിൽ ഈ ഇമാമിനെ അനുസരിക്കുന്നതിലോ നിഷേധിക്കുന്നതിലോ, ഏത് കാര്യത്തിലാണ് സത്യമുള്ളത് എന്ന് ജനങ്ങൾക്ക് മനസ്സിലാവുന്നതാണ്. എന്നാൽ ചിലർ മരണ സമയത്ത് തങ്ങൾ തെറ്റിലായിരുന്നെന്ന് മനസ്സിലാക്കുന്നതാണ്. عُذْرًا അവർക്ക് ന്യായപൂർത്തീകരണവും മറ്റു ചിലർക്ക് نُذْرًا മുന്നറിയിപ്പ് നൽകുന്നതിനുമായിരിക്കും. അവർ പാശ്ചാത്തപിച്ച് തിന്മകളിൽ നിന്ന് പിന്തിരിയാൻ വേണ്ടിയാണിത്. ചിലരുടെ ഹൃദയങ്ങളിൽ നബിയുടെ സത്യത വെളിപ്പെടുന്നു. എന്നാൽ അവരുടെ പിടിവാശിയും അഹങ്കാരവും ആ വഴിയിൽ തടസ്സമാകുന്നു. ചിലർ അല്ലാഹുവിന് മുമ്പിൽ കണക്ക് ബോധിപ്പിക്കുകയും എന്നാൽ ചിലർക്ക് പശ്ചാത്തപിച്ച് മടങ്ങാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു. എന്നാൽ ചിലർ പശ്ചാത്തപിക്കുകയോ തങ്ങളുടെ സ്വഭാവവൈകൃതങ്ങളിൽ നിന്ന് പിന്മാ

റുകയോ ചെയ്യുകയില്ല. അത്തരക്കാരുടെ മോശമായ പര്യവസാന
ത്തെക്കുറിച്ചും വിവിധ സ്ഥലങ്ങളിൽ അല്ലാഹു പറഞ്ഞിരിക്കു
ന്നു. ഒരു സ്ഥലത്ത് ഇപ്രകാരം പറയുന്നു. إِنَّمَا تُوعَدُونَ لَوَاقِعٌ
നിങ്ങൾക്ക് മുന്നറിയിപ്പ് നൽകപ്പെടുന്ന കാര്യം സംഭവിക്കുക
തന്നെ ചെയ്യും. നിങ്ങൾക്ക് താക്കീത് നൽകിക്കൊണ്ടുള്ള കാര്യ
ങ്ങളിൽ നിങ്ങൾ വിശ്വസിച്ചില്ലെങ്കിലും അത് നടക്കുന്നതാണ്. അത്
ഈ ലോകത്തും പരലോകത്തും ഉണ്ടാകുന്നതാണ്. നബിക്കും
അവരുടെ ജമാഅത്തിനുമുള്ള അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ
അന്തിമ വിജയം അവർക്ക് തന്നെയായിരിക്കും. تُوعَدُونَ لَوَاقِعٌ
എന്നതിൽ രണ്ട് സന്ദേശങ്ങളാണുള്ളത്. അതായത് ഈ ലോക
ത്തിലോ പരലോകത്തിലോ നിങ്ങൾ അല്ലാഹുവിന്റെ പിടുത്ത
ത്തിൽ അകപ്പെടുന്നതാണ്. നബിക്കും അദ്ദേഹത്തിന്റെ ജമാഅ
ത്തിനും ലഭിക്കാനിരിക്കുന്ന വിജയത്തെക്കുറിച്ചും പറഞ്ഞിരിക്കു
ന്നു. അതും പൂർത്തിയാകുന്നതായിരിക്കും. ഇൻശാ അല്ലാഹ്.
അല്ലാഹു സത്യനിഷേധികളോട് പറയുന്നു. നിങ്ങൾ അല്ലാഹു
വിന്റെ സന്നിധിയിൽ ഹാജരായിരിക്കുന്നു. ഞങ്ങൾക്ക് അതിനെ
പറ്റി യാതൊരറിവും ഉണ്ടായിരുന്നില്ല. ഞങ്ങളെ തിരിച്ചയക്കുക
എന്നാൽ ആ നബിയെ വിശ്വസിക്കുന്നതാണെന്ന് അവർ പറയും.
അല്ലാഹു പറയും ഒരിക്കൽ മരണം സംഭവിച്ചാൽ പിന്നീടാരും
തിരിച്ചു പോയിട്ടില്ല. നിങ്ങൾക്ക് ഇഹലോകത്ത് താക്കീത് നൽകി
യിരുന്നത് ഓർമ്മയില്ലേ? യാതൊന്നും ചിന്തിക്കാതെ എതിർക്കു
ന്നവർക്ക് ചിന്തിക്കാനുള്ള സ്ഥലമാണിത്. ഈ കാലഘട്ടത്തെക്കു
റിച്ച് അല്ലാഹു പറയുന്നു فَإِذَا النُّجُومُ طُمِسَتْ എന്നാൽ നക്ഷ
ത്രങ്ങൾ പ്രകാശരഹിതമാക്കപ്പെടുമ്പോൾ, അതായത് നാമധാരി
കളായ പണ്ഢിതൻമാർ ആത്മീയമായി അധഃപതിക്കുമ്പോൾഎ
ന്നർത്ഥം, അവർക്ക് ദീനിനെക്കുറിച്ചുള്ള ജ്ഞാനമുണ്ടായിരിക്കു
കയില്ല. കാലത്തിന്റെ ഇമാമിനെ നിഷേധിക്കുന്നത് കാരണം തങ്ങ
ളുടെ പിന്നിൽ നിൽക്കുന്നവരെയും അവർ ഈ പ്രകാശത്തിൽ
നിന്ന് മാറ്റി നിർത്തുന്നതാണ്. طُمِسَتْ എന്നതിന്റെ അർത്ഥം
ഇല്ലായ്മ ചെയ്യപ്പെടുക എന്നാണ്. ഇവരിൽ യാതൊരു വിധ പ്രകാ
ശവുമുണ്ടായിരിക്കുകയില്ല. പ്രകാശം ലഭിക്കാത്തയാൾ മറ്റുള്ള
വർക്ക് എങ്ങനെ വഴികാട്ടാനാണ്? ഇവർ സ്വയം ഭൗതികതയിൽ
ലയിച്ചിരിക്കുകയാണ്. മസീഹ് മൗഊദ് عليه السلام നെതിരിൽ ശകാര
വാക്കുകൾ ചൊരിയുന്ന ഒരേയൊരു പ്രവൃത്തി മാത്രമേ ഇപ്പോൾ
അവർക്കുള്ളൂ. നാളെയും റബ്വയിൽ ചില നാമധാരികളുടെ
കീഴിൽ ഖത്തമുന്നുബുവ്വത്ത് സമ്മേളനം നടക്കുകയാണ്. അതിൽ
വലിയ വലിയ പണ്ഢിതന്മാർ പങ്കെടുക്കുന്നതായിരിക്കും. ജമാ
അത്തെ ഇസ്ലാമിയുടെ അമീറും മറ്റ് മൗലവിമാരും ജമാഅത്തി
നെതിരിൽ അശുദ്ധമായ കാര്യങ്ങൾ മാത്രം പറയുന്നവരാണ്. ഇത
ല്ലാതെ ഇവരുടെ കയ്യിൽ മറ്റൊന്നും തന്നെയില്ല. നക്ഷത്രം പ്രകാ
ശരഹിതമാവുക എന്നത് അറബിയിൽ ഉപയോഗിക്കുന്ന ഒരു
ചൊല്ലാണ്. ഇതിന്റെ അർത്ഥം പണ്ഢിതന്മാർ ദീനികാര്യങ്ങളെ
ക്കുറിച്ച് അറിവില്ലാത്തവരായിരിക്കും. അവർക്ക് മേൽ ആപത്തു
കൾ ഉണ്ടാകുമ്പോഴും അപ്രകാരമാണ് പറയാറുള്ളത്. പണ്ഢിത
ന്മാർ ദീനുമായി യാതൊരു ബന്ധവുമില്ലാത്തവരാകുകയും പ്രകാ
ശം പരത്തുന്നതിന് പകരം അന്ധകാരം വ്യാപിപ്പിക്കുന്നവരാകു
ന്നതുമാണ്. അവർ ജനങ്ങളെ വഴിതെറ്റിക്കുകയും ചെയ്തിരിക്കു
ന്നു. തൽഫലമായി അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ന്യായപൂർത്തീ
കരണം നടക്കുകയും അല്ലാഹുവിന്റെ ദാസൻ താക്കീത് നൽകു
കയും ചെയ്യുമ്പോൾ അതും ശ്രദ്ധിക്കാതെ ഉപേക്ഷിക്കുമ്പോഴാണ്
അല്ലാഹു വിധി നടപ്പിലാക്കുന്നത്. പ്രകൃതിദുരന്തങ്ങളുമുണ്ടാകു
ന്നു. രാത്രിയുടെ ഇരുട്ടിൽ കാണാറുള്ള നക്ഷത്രത്തിന്റെ ചെറിയ
പ്രകാശത്തിന്റെ തിളക്കംപോലും ഇല്ലാതാവുന്നു. അല്ലാഹു പറ
യുന്നു. ഈ കാലഘട്ടത്തിൽ إِذَا السَّمَاءُ فُرِجَتْ ആകാശം കീറ
പ്പെടുകയും ചെയ്യുമ്പോൾ, ഇതിന് ശാസ്ത്രലോകവുമായിട്ടാണ്
ബന്ധമുള്ളത്. ഇക്കാലഘട്ടത്തിൽ പുതിയ പുതിയ ശാസ്ത്രനിരീ
ക്ഷണങ്ങളെക്കുറിച്ചും പുതിയ പ്രപഞ്ചത്തെക്കുറിച്ചും പുതിയ
ഗ്രഹങ്ങളെക്കുറിച്ചും അറിയാൻ കഴിയുന്നു. മറ്റൊന്ന് ഓസോൺ
പാളികളിലുള്ള വിള്ളലുകളെക്കുറിച്ചുള്ള കാര്യങ്ങളാണ്. ഇതി
ലൂടെ കാലാവസ്ഥാ വ്യതിയാനങ്ങൾ സംഭവിക്കുന്നു. എന്നാൽ
ആത്മീയലോകത്ത് ഇതിന്നർത്ഥം മസീഹ് മൗഊദ്عليه السلامന്റെ ആഗ
മനമാണ്. അതായത് പണ്ഢിതവർഗ്ഗം പ്രകാശമില്ലാത്തവരാകു
മ്പോൾ അന്ധകാര നിബന്ധമാകുന്ന അത്തരം ഘട്ടങ്ങളിൽ തന്റെ
വരിഷ്ഠദാസൻ മുഖേന അല്ലാഹു പ്രകാശമിറക്കുകയും ആ പ്രകാ
ശം സ്വീകരിച്ച ശേഷം ആ വരിഷഠദാസൻ മുഖേന ജമാഅത്ത്
സ്ഥാപിതമാകുകയും അല്ലാഹുവിൽ നിന്ന് നബിക്കും അനുയാ
യികൾക്കും ദിവ്യവെളിപാടുകളും ആത്മീയദർശനങ്ങളുമുണ്ടാകു
കയും ചെയ്യുന്നു. അല്ലാഹു പറയുന്നു. വരിഷ്ഠദാസന്റെ ആഗമ
നശേഷം ആത്മീയപ്രസ്ഥാനത്തിന് ആരംഭം കുറിക്കപ്പെടുമ്പോൾ,
ജനങ്ങൾ അതിന്റെ പുരോഗതിക്ക് തടസ്സമാകും എന്നൊരിക്കലും
കരുതരുത്. ഈ പണ്ഢിതവർഗ്ഗത്തിന് ഒരിക്കലും അതിനെ തട
യാൻ സാദ്ധ്യമല്ല. ഈ ആത്മീയപ്രസ്ഥാനത്തെ സ്വീകരിക്കുന്നതി
ലാണ് ഇവരുടെയെല്ലാവരുടെയും നിലനിൽപുള്ളത്. ഈ പണ്ഢി
തവർഗ്ഗത്തിനോ അവരുടെ പിന്നിലുള്ളവർക്കോ യാതൊരു സ്ഥാന
വുമില്ല. അല്ലാഹു പറയുന്നു. തങ്ങൾ പർവ്വതസമാനരെന്ന് കരു
തുന്ന ആളുകളും ഭരണകൂടങ്ങളും ഈ വരിഷഠ ദാസന്റെ
മുമ്പിൽ തടസ്സമാവുകയാണെങ്കിൽ തുണ്ടംതുണ്ടമാക്കപ്പെടുന്നതാ
ണ്. പറഞ്ഞു وَإِذَا الْجِبَالُ نُسِفَتْ പർവ്വതങ്ങൾ തകർത്ത് ധൂളി
യാക്കപ്പെടുകയും ചെയ്യുമ്പോൾ, തന്റെ വേരുകൾ ജനങ്ങൾക്കിട
യിൽ വളരെ ദൃഢമാണ് എന്ന് ആരും കരുതേണ്ടതില്ല. തനിക്ക്
അറബ്‌രാജ്യത്തെ രാജാവിന്റെ പിൻബലമുണ്ടെന്ന് വിചാരിക്കേണ്ട.
കാരണം ഇസ്ലാമിന്റെ വരിഷ്ഠദാസന്റെയും അനുയായികളു
ടെയും മുന്നിൽ ആര് വന്നാലും ജനങ്ങളുടെ സഹായമോ ധനിക
രുടെ സമ്പത്തോ യാതൊരു പ്രയോജനവും ചെയ്യുകയില്ല. പർവ്വ
തസമാനരെന്ന് ധരിക്കുന്നവരായാലും നശിച്ച് നാമാവശേഷമാകു
ന്നതാണ്. അത്തരക്കാരെ സഹായിക്കുന്നവരും നാശത്തിൽ അക
പ്പെടുന്നതാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ
ചരിത്രത്തിൽ പർവ്വതസമാനരെന്ന് ധരിച്ചവർ തുണ്ടം തുണ്ടമായ
കാഴ്ച നാം കണ്ടതാണ്.ഈ അവസാനത്തെ ആയത്തിൽ അല്ലാഹു
പറയുന്നു. وَإِذَا الرُّسُلُ أُقِّتَتْ എല്ലാ ദൈവദൂതന്മാരും തങ്ങളുടെ
നിശ്ചിത സമയത്ത് കൊണ്ട് വരപ്പെടുകയും ചെയ്യുമ്പോൾ, മസീഹ്
മൗഊദ് عليه السلام ന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനമാണിത്.

ഒരു വ്യക്തി തന്നെ എല്ലാ നബിമാരുടെയും പ്രാതിനിധ്യം വഹിക്കുന്നതായിരിക്കും. അദ്ദേഹത്തിന്റെ ആഗമനത്തെപ്പറ്റി മുൻ പ്രവാചകന്മാർ പ്രവചിക്കുകയും ഇത് മസീഹ് മൗഊദി (അ) ലൂടെ പൂർത്തിയാവുകയും ചെയ്തിരിക്കുന്നു. അല്ലാഹു അദ്ദേഹത്തെ ഇൽഹാം മുഖേന **ജരിയുല്ലാഹു ഫീ ഹുലലിൽ അമ്പിയാ** അതായത് അല്ലാഹുവിന്റെ ഫയൽവാൻ (ധീരൻ) എല്ലാ നബിമാരുടെയും വേഷത്തിൽ എന്നറിയിക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു.

എന്നെ സംബന്ധിച്ച് ബറാഹീനെ അഹ്മദിയ്യായുടെ മുൻ വാള്യത്തിൽ ജരിയുല്ലാഹ് ഫീ ഹുലലിൽ അമ്പിയാ എന്നറിയിച്ചിരിക്കുന്നു. അതായത് അല്ലാഹുവിന്റെ ഫയൽവാൻ (ധീരൻ) എല്ലാ നബിമാരുടെയും വേഷത്തിൽ. ഈ ദൈവിക വെളിപാടിന്റെ അർത്ഥം, ആദം നബി(അ)മുതൽ അവസാനം വരെ ദൈവനിയുക്തരായ പ്രവാചകന്മാർ ഇസ്റായില്യരോ അല്ലാത്തവരോ ആയാലും അവരുടെയെല്ലാവരുടെയും സവിശേഷഗുണങ്ങളിൽ നിന്നും സംഭവബഹുലമായ കാര്യങ്ങളിൽ നിന്നും ചെറിയൊരു ഭാഗം ഈ വിനീതനു നൽകപ്പെട്ടിരിക്കുന്നു.അപ്രകാരം എനിക്ക് സവിശേഷഗുണങ്ങൾ നൽകപ്പെട്ടിട്ടില്ലാത്ത ഒരു നബിയും അവതീർണ്ണരായിട്ടില്ല. ഓരോ നബിമാരുടേയും പ്രകൃതത്തിന്റെ പ്രതിഛായ എന്റെ പ്രകൃതത്തിൽ നിങ്ങൾക്ക് കാണാവുന്നതാണ്. ഇതിൽ നിന്നും ലഭിക്കുന്ന മറ്റൊരു സൂചന എല്ലാ നബിമാരുടെയും എതിരാളികൾ കഠിനവിരോധികളും അഹങ്കാരികളുമായിരുന്നു.അവർ തങ്ങളുടെ പ്രവൃത്തികളിൽ അതിർലംഘിച്ചപ്പോൾ അവർക്ക് വിവിധങ്ങളായ ശിക്ഷകൾ ഇറക്കപ്പെട്ടു. ഇക്കാലത്തുള്ള പലരും അവരുമായി സാദൃശ്യമുള്ളവരാണ്.അവർ വിവിധ രൂപത്തിൽ നാശമടഞ്ഞെങ്കിൽ ഇനിയും അത്തരം ശിക്ഷകൾ വരുമെന്നതിൽ യാതൊരു സംശയവുമില്ല.ആ താക്കീത് ഇപ്പോഴും നിലനിൽക്കുന്നു. ഇവരും പശ്ചാത്തപിച്ച് മടങ്ങുന്നില്ലായെങ്കിൽ അവർക്ക് ലഭിച്ചതിന് സമാനമായ ശിക്ഷ ഏറ്റുവാങ്ങുന്നതാണ്. ഈ ദിവ്യവെളിപാടിലൂടെ ഇപ്രകാരം അറിയിക്കാനുള്ള കാരണം, ഇത് സൽക്കർമ്മകാരികളിൽ പൂർണ്ണത കൈവരിച്ചവരുടെയും ദുഷ്കർമ്മങ്ങളിൽ അതിർലംഘിച്ചവരുടെയും കാലമാണ്. അല്ലാഹു കരുണ ചൊരിഞ്ഞില്ലായെങ്കിൽ ഈ ദുഷ്ക്കർമ്മകാരികൾ മുൻകഴിഞ്ഞ സമൂഹങ്ങൾക്ക് വന്ന എല്ലാ ശിക്ഷകളും ഏറ്റുവാങ്ങുന്നതാണ്. ഇക്കാലഘട്ടത്തിൽ മുൻകഴിഞ്ഞ എല്ലാ ശിക്ഷകളും ഉണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. അവരിൽ ചിലർ പ്ലേഗ്, മിന്നൽ, ഭൂകമ്പം എന്നിവകൊണ്ടും മറ്റുചിലർ കൊടുങ്കാറ്റിലും പെട്ടതുപോലെ ഇക്കാലഘട്ടത്തിലുള്ളവർ തങ്ങളിൽ സംസ്ക്കരണം വരുത്തിയില്ലെങ്കിൽ അത്തരം ശിക്ഷകളെ ഭയപ്പെടേണ്ടതായിവരും. ഈ കാലഘട്ടത്തിൽ ഭൂരിഭാഗം പേരിലും ദുഷ്ചെയ്തികൾ കാണാവുന്നതാണ്. അവർ ഇതുവരെ രക്ഷപ്പെട്ടിരിക്കുന്നത്, അല്ലാഹുവിന്റെ ദയകൊണ്ട് മാത്രമാണ്. മുൻപ്രവാചകന്മാരെ ഏതെല്ലാം വിധത്തിലാണോ അല്ലാഹു സഹായിച്ചത്, അപ്രകാരം തന്നെ എന്റെ കാര്യത്തിലും നടക്കുന്നതായിരിക്കും. ഇത് ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യങ്ങളാകുന്നു.

വീണ്ടും പറയുന്നു, ഈ കാലഘട്ടത്തിൽ സൽക്കർമ്മകാരികളുടെയും ദുഷ്ക്കർമ്മകാരികളുടെയും സമാനരൂപങ്ങൾ ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഈ കാലഘട്ടത്തിൽ അല്ലാഹു ആഗ്രഹിക്കുന്നത് ഏതെല്ലാം പരിശുദ്ധ പ്രവാചകന്മാർ ആഗതരായിട്ടുണ്ടോ അവർ ഒരേ വ്യക്തിയിൽ ലയിക്കണമെന്നതാണ്. ആ വ്യക്തി ഞാനാകുന്നു. അതുപോലെ ദുഷ്ക്കർമ്മകാരികളുടെ കുചെയ്തികളും വെളിച്ചത്ത് കൊണ്ടുവരപ്പെടുന്നതാണ്. ഫിർഔനിന്റെയും ഈസാനബിയെ കുരിശിലേറ്റിയ യഹൂദികളുടെയും അബൂജഹലിന്റെയും ഉദാഹരണങ്ങൾ ഇക്കാലഘട്ടത്തിൽ കാണാവുന്നതാണ്. അല്ലാഹു യഅ്ജൂജ് മഅ്ജൂജിനെക്കുറിച്ച് പറഞ്ഞപ്പോൾ ഇക്കാര്യത്തിലേക്കാണ് സൂചന നൽകിയത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) മുന്നറിയിപ്പ് നൽകിക്കൊണ്ട് പറയുന്നു. അല്ലയോ ഉറങ്ങുന്നവരേ, ജാഗരൂഗരാവുക. ആലസ്യത്തിൽ മതിമറന്നവരേ, വിപ്ലവത്തിനുള്ള സമയമായിരിക്കുന്നു. ഇത് വിലപിക്കാനോ ഉറങ്ങാനോ പരിഹസിക്കാനോ നിഷേധിക്കാനോ ഉള്ള സമയമല്ലെന്നോർക്കുക. നിങ്ങൾക്ക് ഉൾക്കാഴ്ച ലഭിക്കാനായി ദുആ ചെയ്യുക. ഇപ്പോൾ ഉണ്ടായിരിക്കുന്ന അന്ധകാരത്തെയും ആ അന്ധകാരത്തെ ഇല്ലായ്മ ചെയ്യാനായി ദൈവാനുഗ്രഹത്താൽ ഉണ്ടായ പ്രകാശത്തെയും കാണുക. ഈ സത്യപ്രസ്ഥാനത്തെ ഇല്ലായ്മ ചെയ്യാനായി ശാപപ്രാർത്ഥന നടത്താതിരിക്കുക. കുതന്ത്രങ്ങൾ മെനയാതിരിക്കുക. അല്ലാഹു നിങ്ങളുടെ ആലസ്യം നിറഞ്ഞ ആഗ്രഹങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയില്ല തന്നെ. അവൻ നിങ്ങളുടെ എല്ലാതരം വിഡ്ഢിത്തരങ്ങളെയും വെളിച്ചത്ത് കൊണ്ടുവരുന്നതാണ്. അവൻ എപ്പോഴും തന്റെ ദാസനെ സഹായിക്കുന്നതാണ്. തന്റെ സ്വന്തം കൈകൊണ്ട് നട്ടുപിടിപ്പിച്ച ഈ ചെടിയെ അവൻ ഒരിക്കലും മുറിക്കുകയില്ല. നിങ്ങളിലാരെങ്കിലും നിങ്ങൾക്ക് ഫലം നൽകുന്ന ചെടിയെ മുറിക്കാൻ തുനിയുമോ? അങ്ങനെയാണെങ്കിൽ കാരുണ്യവാൻമാരിൽ ഏറ്റവും ഉന്നതനും എല്ലാം കാണുന്നവനും കേൾക്കുന്നവനുമായ അല്ലാഹു എന്തിന് ഈ ചെടിയെ മുറിക്കണം. ഫലം നൽകപ്പെടുന്ന ഈ ചെടിയുടെ അനുഗ്രഹീതദിനങ്ങളെ അവൻ കാത്തിരിക്കുകയാണ്. എന്നാൽ മനുഷ്യൻ അതിന് ആഗ്രഹിക്കുന്നില്ല. അദൃശ്യകാര്യങ്ങളെക്കുറിച്ചറിയുന്ന ആ അല്ലാഹു എല്ലാ ഹൃദയങ്ങളുടെയും അഗാധതലങ്ങൾ വരെയെത്തുന്നവനാണ്. അവൻ ഒരിക്കലും അപ്രകാരം പ്രവർത്തിക്കുകയില്ല. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കിക്കൊള്ളുക. നിങ്ങൾ ഈ യുദ്ധത്തിൽ സ്വന്തം അവയവങ്ങളെയാണ് വാളു കൊണ്ട് മുറിക്കുന്നത്. ജ്വലിക്കുന്ന ഈ അഗ്നിയിൽ കൈയിടാതിരിക്കുക. ആ അഗ്നി നിങ്ങളുടെ കൈകളെ തന്നെ കരിച്ച് കളയുന്നതാണ്. ഒരു കാര്യം മനസ്സിലാക്കിക്കൊള്ളുക. ഈ പ്രവൃത്തി മനുഷ്യകരങ്ങൾ കൊണ്ടുള്ളതായിരുന്നുവെങ്കിൽ ഇതിനെ നശിപ്പിക്കാൻ ധാരാളം പേർ ഇറങ്ങുമായിരുന്നു. അല്ലാഹു തന്നോട് സംസാരിക്കുന്നുവെന്നും ശേഷം ദീർഘകാലം ജീവിച്ചവരുമായ വ്യാജവാദികളെ നിങ്ങൾക്ക് എവിടെയെങ്കിലും കാണാൻ കഴിഞ്ഞിട്ടുണ്ടോ? പരിതാപകരമെന്ന് പറയട്ടെ നിങ്ങൾ ഒന്നും ചിന്തിക്കുന്നില്ല തന്നെ. അല്ലാഹു നബി (സ) യോട് പറഞ്ഞ ഖുർആനിക വചനത്തിലേക്ക് പോലും നിങ്ങൾ ശ്രദ്ധിക്കുന്നില്ല. അതായത്

നിന്നിൽ നിസ്സാരമായ വ്യാജം കണ്ടാൽ പോലും നിന്റെ ജീവനാഢിയെ ഞാൻ അറുത്തുകളയുമായിരുന്നു. ഏറ്റവും പ്രിയങ്കരനായ നബി ﷺ യോടു പോലും അപ്രകാരം പറഞ്ഞെങ്കിൽ പിന്നെ ആർക്കാണ് രക്ഷപ്പെടാൻ കഴിയുക. അതു കൊണ്ട് സഹോദരന്മാരെ, സ്വന്തം ആഗ്രഹാഭിലാഷങ്ങളിൽ നിന്ന് രക്ഷപ്പെട്ടുകൊള്ളുക. അല്ലാഹുവിന്റെ സവിശേഷകാര്യങ്ങളിൽ വാശിപിടിക്കാതിരിക്കുക. സമ്പ്രദായങ്ങളെ ഉപേക്ഷിച്ച് ഒരു പുതിയ മനുഷ്യനായി തഖ്‌വയുടെ മാർഗ്ഗത്തിൽ ചരിക്കുക. നിങ്ങളിൽ കരുണചെയ്യപ്പെടുന്നതിന് വേണ്ടി. അല്ലാഹു നിങ്ങളുടെ തെറ്റുകുറ്റങ്ങളെ പൊറുത്തുതരുമാറാകട്ടെ. അവനെ ഭയപ്പെട്ട് കൊണ്ട് ജീവിക്കുക. നിങ്ങളിൽ സംസ്ക്കാരസമ്പന്നരായ ആരും തന്നെയില്ലേ?

**ഫഇൻലം തൻതഹൂ ഫസൗഫ യഅ്ത്തില്ലാഹു ബിനുസ്റത്തിം മിൻ ഇൻദിഹി വയൻസുറു അബ്ദഹു യുമസ്സിഖു അഅ്ദാഅഹു ലാ തദർറൂനഹൂ ശൈഅാ** നിങ്ങൾ പിന്തിരിഞ്ഞില്ലെങ്കിൽ അല്ലാഹു സഹായിക്കുകയും എതിരാളികളെ തുണ്ടംതുണ്ടമാക്കുകയും ചെയ്യുന്നതാണ്. നിങ്ങൾക്ക് ഒന്നും തന്നെ ചെയ്യാൻ സാധിക്കുന്നതല്ല.

അല്ലാഹു ജനങ്ങൾക്ക് ബുദ്ധി നൽകുകയും അവർ ഈ സത്യസന്ദേശത്തെ മനസ്സിലാക്കുകയും ചെയ്യുന്നവരാകട്ടെ. അല്ലാഹു നമുക്ക് ഈ സന്ദേശത്തെ ജനങ്ങളിലെത്തിക്കാനും അതിന്നായി കഴിവിന്റെ പരമാവധി പരിശ്രമിക്കാനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.


**വിവർത്തനം**
എൻ ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ് കണ്ണൂർ സിറ്റി **PHONE :** 9895 109624

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD** atba
**KHALIFATHUL MASIH - V**
**on 15 - 10 - 2010 at**
**London**